9480
4/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സ്നേഹപൂർവ്വം പദ്ധതിയിലെ ഗുണഭോക്താക്കളായ കൗമാരക്കാരായ കുട്ടികൾക്ക് ജീവിത നൈപുണ്യ പരിശീലന പരിപാടി നടത്തുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.470/2015/സാനീവ. തീയതി, തിരുവനന്തപുരം, 30.07.2015

==========================================================================

പരാമർശം : സാമൂഹ്യനീതി ഡയറക്ടറുടെ 22.06.2015 ലെ എഫ്.1/27573/15/സാനീവ നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് കേരള സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടത്തിവരുന്ന 'സ്നേഹപൂർവ്വം പദ്ധതി'യുടെ ഗുണഭോക്താക്കളായ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ആൺമക്കൾക്കും ജീവിത നൈപുണ്യ പരിശീലന പരിപാടി നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം ''പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾക്കായി'' 2235-60-200-83(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1040 ലക്ഷം രൂപയിൽ നിന്നും 22.61 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശ കത്തു പ്രകാരം ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സ്നേഹപൂർവ്വം പദ്ധതിയുടെ ഗുണഭോക്താക്കളായ കൗമാര പ്രായക്കാരായ കുട്ടികൾക്ക് അവരുടെ ഭാവിജീവിതം, വിദ്യാഭ്യാസം, ജോലി എന്നിവ നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനുതകുന്ന പരിശീലന പരിപാടി നടത്തുന്നതിന് അനുമതിയും നടപ്പു സാമ്പത്തിക വർഷം പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾക്കായി 2235-60-200-83(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1040 ലക്ഷം രൂപയിൽ നിന്ന് 22.61 ലക്ഷം രൂപ ( ഇരുപത്തി രണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ T.S.B A/c No. 134-ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ